# വിജ്ഞാപനം

കേരളത്തിൽ ആരോഗ്യ വകുപ്പിന്കീഴിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിംഗ് സ്കൂളുകളിൽ 2017 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന ഓക്സിലിയറി നേഴ്സിംഗ് ആന്റ് മിഡ്വൈഫ്സ് കോഴ്സിന്റെ പരിശീലനത്തിന് +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായ പെൺകുട്ടികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സ്കൂൾ, തൈക്കാട്, തിരുവനന്തപുരം(Ph:0471 2330782)
2. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സ്കൂൾ, തലയോലപ്പറമ്പ്, കോട്ടയം. (Ph:04829 237520)
3. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട്.(Ph:04922 217241)
4. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സ്കൂൾ, കാസർഗോഡ്.( Ph:04994 227613)

ആകെ സീറ്റുകളുടെ എണ്ണം 130. ഇതിൽ ജെ.പി.എച്ച്.എൻ ട്രയിനിംഗ് സ്കൂൾ, തൈക്കാട്, തിരുവനന്തപുരം (എസ്.സി/എസ്.ടി വിഭാഗക്കാർക്കുമാത്രം) ഒഴികെയുള്ള 100 സീറ്റുകളിൽ 65% മെരിറ്റടിസ്ഥാനത്തിലും 35% സംവരണാടിസ്ഥാനത്തിലും പ്രവേശനം അനുവദിക്കുന്നതാണ്. അപേക്ഷകർക്ക് 2017 ഡിസംബർ 31-ാം തീയതി 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും, 30 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വയസ്സും, പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് 5 വയസ്സും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

ആശാവർക്കേഴ്സിന് 2 സീറ്റുകളും, പാരാമിലിറ്ററി/ എക്സ് പാരാമിലിറ്ററി സർവ്വീസുകാരുടെ ആശ്രിതർക്ക് ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷാ ഫാറവും പ്രോസ്പെക്ടസും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ **(www.dhs.kerala.gov.in)** ലഭ്യമാണ്. പട്ടികജാതി/ പട്ടിക വർഗ്ഗക്കാർക്ക് 75/- രൂപയും ജനറൽ വിഭാഗത്തിന് 200/- രൂപയുമാണ് അപേക്ഷാഫീസ്. പൂരിപ്പിച്ച അപേക്ഷകൾ, നിശ്ചിത അപേക്ഷാഫീസ് 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിലടച്ച രസീത് സഹിതം **15.07.2017 വൈകുന്നേരം 5 മണിക്കകം** ബന്ധപ്പെട്ട ട്രയിനിംഗ് സെന്റർ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാ മെഡിക്കൽ ആഫീസ്, മേൽ സൂചിപ്പിച്ചിരിക്കുന്ന പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടർ